# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: ശ്രീമതി. അനുപമ T.V IAS, ഡയറക്ടർ സാമൂഹ്യ നീതി വകുപ്പ്)**

വിഷയം :- സാമൂഹ്യ നീതി വകുപ്പ്- ICPS - മുൻകൂർ അനുമതി ഇല്ലാതെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ 10,000/- രൂപ വരെ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:- 29/03/2017 ന് കൂടിയ ICPS എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനം നമ്പർ:20

**ഉത്തരവ് നമ്പർ- ICPS-4(B)19431/17 തീയതി:13/07/2017**

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ ICPS ഗൈഡ് ലൈൻ പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നത് പ്രോപ്പോസലുകൾ SCPS മെമ്പർ സെക്രട്ടറിയായ സാമൂഹ്യ നീതി ഡയറക്ടറുടെ അനുമതി വാങ്ങിയതിന് ശേഷമാണ്. എന്നാൽ അടിയന്തിരമായും സമയബന്ധിതമായും പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇത് കാരണം കാലതാമസമുണ്ടാകുന്നതായി ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ചൂണ്ടിക്കാട്ടിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം ICPS എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ ചർച്ച ചെയ്യുകയും മേൽ പരാമർശം (1) പ്രകാരം മെമ്പർ സെക്രട്ടറിയായ സാമൂഹ്യ നീതി ഡയറക്ടറുടെ അനുമതി കൂടാതെ 10,000/- രൂപ വരെ ചെലവ് വരുന്ന പ്രവർത്തനങ്ങൾ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് നടപ്പിലാക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 10,000/- രൂപ വരെ ചെലവ് വരുന്ന പദ്ധതികളും പ്രവർത്തനങ്ങളും SCPS മെമ്പർ സെക്രട്ടറിയായ സാമൂഹ്യ നീതി ഡയറക്ടറുടെ അനുമതി ഇല്ലാതെ നടപ്പിലാക്കുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**(PTO)**

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ നടപ്പിലാക്കുന്ന പദ്ധതിയുടെ സ്വഭാവം അടിസ്ഥാനമാക്കി എക്സ്പെൻഡിചർ ബുക്ക് ചെയ്യേണ്ടതും പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റ്, യുട്ടലൈസേഷൻ സർട്ടിഫിക്കേറ്റ് എന്നിവ SCPS-ൽ സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
**സാമൂഹ്യ നീതി ഡയറക്ടർ&**
മെമ്പർ സെക്രട്ടറി SCPS

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:
1. ICPS-3
2. ICPS-4
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Hari Kumar B

സൂപ്രണ്ട്